കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER | 25 | 2017 |
|---|---|---|

**ശബരിമല പത്രക്കുറിപ്പ്–1**



മീഡിയ സെന്റർ ഫോൺ : 04735–202664

ww.prd.kerala.gov.in, prdsannidanam2018@gmail.com

# ശബരിമലയിൽ അഭൂതപൂർവമായ തിരക്ക്; ജില്ലാ കളക്ടർ ക്രമീകരണങ്ങൾ വിലയിരുത്തി

## ഇന്ന്(ഡിസംബർ 25) ഉച്ചയ്ക്ക് 12.30 മുതൽ മലചവിട്ടുന്നതിന് നിയന്ത്രണം

ശബരിമല: മണ്ഡലകാല തീർഥാടനം അവസാനിക്കാൻ മണിക്കൂറുകൾ മാത്രം അവശേഷിക്കെ ശബരിമലയിൽ അഭൂതപൂർവമായ തിരക്ക്. തങ്കിഅങ്കി ഘോഷയാത്ര ഉച്ചയ്ക്ക് ഒന്നരയോടെ പമ്പയിലെത്തും. തങ്കഅങ്കി ചാർത്തിയുള്ള ദീപാരാധന വൈകിട്ട് 6.30നാണ്. ഇന്ന്(ഡിസംബർ 25) ഉച്ചയ്ക്ക് 12.30 മുതൽ പമ്പയിൽ മലചവിട്ടുന്നതിന് നിയന്ത്രണം ഏർപ്പെടുത്തും. തങ്കഅങ്കി സന്നിധാനത്ത് എത്തുന്നതുവരെ ഭക്തരെ മലചവിട്ടാൻ അനുവദിക്കില്ല. തിരക്കേറിയതിനാൽ ദർശനം കഴിഞ്ഞവർ സന്നിധാനത്ത് തങ്ങാൻ അനുവദിക്കില്ല. ജില്ലാ കളക്ടർ ആർ. ഗിരിജയും പൊലീസ് സ്പെഷൽ ഓഫീസർ ഗുരുഡിനും ചേർന്ന് തിരക്കുനിയന്ത്രിക്കുന്നതിനുള്ള ക്രമീകരണങ്ങൾ വിലയിരുത്തി.

മാളികപ്പുറം, പതിനെട്ടാംപടി, നടപ്പന്തൽ എന്നിവിടങ്ങളിൽ പൊലീസ് ഒരുക്കിയ ക്രമീകരണങ്ങൾ പരിശോധിച്ചു. മണ്ഡലപൂജദിവസത്തെ തിരക്ക് നിയന്ത്രിക്കുന്നതിനും എല്ലാവർക്കും ദർശനസൗകര്യം ഒരുക്കുന്നതിനും എരുമേലിയിലും മറ്റിടങ്ങളിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തും. വരിയിൽനിൽക്കുന്ന ഭക്തർക്ക് കുടിവെള്ളവും മറ്റും നൽകുന്നതിന് കൂടുതൽ പേരെ നിയോഗിക്കും. ആശുപത്രികളിൽ കൂടുതൽ ഡോക്ടർമാരെ നിയോഗിച്ചുകഴിഞ്ഞു. വിവിധ വകുപ്പു മേധാവികളുടെ യോഗം ചേർന്ന് ക്രമീകരണങ്ങൾ വിലയിരുത്തി. അയ്യപ്പഭക്തർ സഹകരിക്കണമെന്നും എല്ലാവർക്കും സുഗമമായി ദർശനം സാധ്യമാക്കുകയാണ് ലക്ഷ്യമെന്നും കളക്ടർ പറഞ്ഞു. ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സു

രേന്ദ്രൻ ഇന്ന് (ഡിസംബർ 25) വൈകിട്ട് സന്നിധാനത്തെത്തും. ക്രമീകരണങ്ങൾ വിലയിരുത്തും.

ഡ്യൂട്ടി മജിസ്ട്രേറ്റ് എസ്. സന്തോഷ്കുമാർ, എൻ.ഡി.ആർ.എഫ്. ഡെപ്യൂട്ടി കമാൻഡന്റ് ജി. വിജയൻ, സി.ആർ.പി.എഫ്. ഡെപ്യൂട്ടികമാൻഡന്റ് ജി. ദിനേഷ്, ആർ.ഡി.ഒ. ടി.കെ. വിനീത്, ചീഫ് മെഡിക്കൽ ഓഫീസർ ഡോ. ജി. സുരേഷ് ബാബു എന്നിവർ പങ്കെടുത്തു.

(പി.ആർ. ശബരി 320)

# അയ്യന് മുന്നിൽ ചുവടുറപ്പിച്ച് കുത്തിയോട്ട സംഘം

ശബരിമല: നാലാംവർഷവും അയ്യന് മുന്നിൽ ആവേശത്തോടെ ചുവടുറപ്പിച്ച് ചേപ്പാട് കുത്തിയോട്ട സംഘം. സന്നിധാനം ശ്രീ ശാസ്താ ഓഡിറ്റോറിയത്തിലാണ് കുത്തിയോട്ട സംഘം അയ്യപ്പഭക്തർക്കായി ആവേശച്ചുവടുവച്ചത്. ആലപ്പുഴ ചെട്ടികുളങ്ങര ചേപ്പാട് ഹേമാംബിക കുത്തിയോട്ട സമിതിയിൽ നിന്നുള്ള 48 അംഗങ്ങളാണ് കുത്തിയോട്ടം അവതരിപ്പിച്ചത്. ഇതിൽ 40 പേർ കുട്ടികളാണ്. കുത്തിയോട്ടത്തിന് പ്രസിദ്ധിയാർജ്ജിച്ച ചെട്ടികുളങ്ങര, ആറ്റുകാൽ ക്ഷേത്രം, രാമപുരം തുടങ്ങിയ ക്ഷേത്രങ്ങളിൽ ചുവടുറപ്പിച്ച സംഘമാണിവർ. ഹരിപ്പാട് സ്വകാര്യ ധനകാര്യ സ്ഥാപനത്തിലെ ജീവനക്കാരൻ ശ്രീരാജ് ചേപ്പാട്, പെയിന്റിങ് തൊഴിലാളിയായ ശിവപ്രസാദ് എന്നിവരാണ് ഗുരുക്കന്മാർ.

(പി.ആർ. ശബരി 321)



കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER | 25 | 2017 |
|---|---|---|



**ശബരിമല പത്രക്കുറിപ്പ്–2**

മീഡിയ സെന്റർ ഫോൺ : 04735–202664

www.prd.kerala.gov.in, prdsannidanam2018@gmail.com

# അയ്യന് പാനകം, ദേവിക്ക് അട നിവേദ്യം; അരവണയും കടുംപായസവും മഹാപ്രസാദം

ശബരിമല: ശബരിമലയിലെ അരവണപായസവും മാളികപ്പുറത്തെ കടുംപായസവും അയ്യപ്പനും മാളികപ്പുറത്തമ്മയ്ക്കുമുള്ള നിവേദ്യങ്ങളാണ്. ഭക്തജനലക്ഷങ്ങൾക്കത് ആശ്വസമേകുന്ന മഹാപ്രസാദമാണ്. നിവേദ്യങ്ങൾ ദേവതാ സങ്കൽപം അനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു. ശബരിമലയിൽ അയ്യനും മാളികപ്പുറത്ത് ദേവിക്കും സമർപ്പിക്കുന്ന നിവേദ്യങ്ങൾ വ്യത്യസ്തമാണ്. മേൽശാന്തിമാരുടെ പരികർമികളെന്ന നിലയിൽ കീഴ്ശാന്തിമാർക്കാണ് നിവേദ്യമടക്കമുള്ളവ തയാറാക്കി സമയത്ത് ശ്രീകോവിൽ എത്തിക്കേ ചുമതല. ശബരിമലയിൽ കീഴ്ശാന്തി ആര്യൻകീഴില്ലത്ത് എ.എസ്. കേശവൻ നമ്പൂതിരിക്കും മാളികപ്പുറത്ത് കീഴ്ശാന്തി കാശിമനയിൽ കെ.പി. കൃഷ്ണൻ നമ്പൂതിരിക്കുമാണ് തന്ത്രിയുടെയും മേൽശാന്തിമാരുടെയും നിർദേശങ്ങൾക്കനുസരിച്ച് നിവേദ്യങ്ങൾ തയാറാക്കേ ചുമതല.

## അയ്യന് അരവണയും പാനകവും

ശബരിമലയിൽ അയ്യന് ഉഷപൂജയ്ക്ക് ചതുശ്ശതം അഥവാ ഇടിച്ചുപിഴിഞ്ഞ പായസമാണ് നിവേദ്യം. അരി, ശർക്കര, നെയ്യ്, പലം, കഴഞ്ച്, കദളിപ്പഴം, തേങ്ങാപ്പാലുമടങ്ങിയതാണ് പായസം. ര ാംപാല് മൂന്നാംപാല് എന്നിങ്ങനെ തയാറാക്കുന്ന തേങ്ങാപ്പാല് വറ്റിച്ചാണ് പായസം തയാറാക്കുന്നത്. അവസാനം ഒന്നാം തേങ്ങാപ്പാല് ചേർത്ത് നിവേദ്യമൊരുക്കും.

നെയ്യഭിഷേകത്തിന് മുമ്പ് അവൽ, മലര്, ത്രിമധുരം എന്നിവ നിവേദിക്കും. മുന്തിരി, കൽക്ക ം, തേൻ എന്നിവ ചേർന്നതാണ് ത്രിമധുരം. ഗണപതി ഹോമത്തിന് അഷ്ടദ്രവ്യം

ഹോമിക്കും. അവൽ, മലര്, ശർക്കര, കൊട്ടത്തേങ്ങ, കരിമ്പ്, നെയ്യ്, എള്ള്, കദളിപ്പഴം എന്നിവയാണ് ചേരുവകൾ.

ഉച്ചപൂജയ്ക്ക് മഹാനിവേദ്യമായി വെള്ളയും അരവണപായസവും. ശർക്കരയും അരിയും നെയ്യും തേങ്ങ വറുത്തതും സുഗന്ധവ്യഞ്ജനങ്ങളും ചേർത്ത പ്രത്യേക കൂട്ടാണ് അരവണ പായസത്തിന്. മികച്ച ഉത്പന്നങ്ങൾ തികഞ്ഞ ശുദ്ധിയിലാണ് അരവണപായസത്തിന് ഉപയോഗിക്കുക. ഉച്ചകഴിഞ്ഞ് നടതുറക്കുമ്പോൾ മലർ നിവേദ്യം. അത്താഴപൂജയ്ക്ക് പാനകവും ഉണ്ണിയപ്പവും. പാനകം നിവേദ്യം ഔഷധഗുണമാർന്ന മഹാപ്രസാദമാണ്. ശർക്കര വെള്ളം വറ്റിച്ച് ചുക്കും കുരുമുളകും സുഗന്ധവ്യഞ്ജനങ്ങളും ഒട്ടേറെ ചേരുവകളും ചേർത്താണ് അയ്യന്റെ നിവേദ്യം തയാറാക്കുക. കൂട്ട് രഹസ്യമാണ്. അരിയും നെയ്യും വറുത്തതേങ്ങാക്കൊത്തും ചേർത്താണ് ഉണ്ണിയപ്പം തയാറാക്കുക.

## അമ്മയ്ക്ക് കടുംപായസവും അടയും

മാളികപ്പുറത്തമയ്ക്ക് നടതുറന്നതിനുശേഷം മലർ നിവേദിക്കും. മലര്, അവൽ, പഴം, ശർക്കര എന്നിവ ചേർന്ന മലർനിവേദ്യം വെള്ളിപാത്രത്തിലാണ് നിവേദിക്കുക. ഉഷപൂജയ്ക്ക് കടുംപായസമാണ് നിവേദ്യം. അരി, കൽക്ക ം, മുന്തിരി, കൊട്ടത്തേങ്ങ, നെയ്യ്, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയാണ് ചേരുവകൾ. ഉച്ചപൂജയ്ക്കും അത്താഴപൂജയ്ക്കും കടുംപായസം നിവേദിക്കും. പ്രസന്നപൂജയ്ക്കായി അട നിവേദിക്കും. അരിപ്പൊടിയും നെയ്യും കൂട്ടിക്കുഴച്ച് വഴറ്റിയ നാളികേരവും ശർക്കര പാനിയും ചേർത്ത് ഇലയിലാണ് അട തയാറാക്കുന്നത്. തുടർന്ന് താംബൂല നിവേദ്യം. പഴങ്ങളും നിവേദിക്കും. ആപ്പിൾ, മുന്തിരിയടക്കമുള്ള പഴവർഗങ്ങളാണ് നിവേദിക്കുക. ഗണപതി ഹോമത്തിന് അഷ്ടദ്രവ്യം ഹോമിക്കും.

(പി.ആർ. ശബരി 322)



കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER | 25 | 2017 |
| --- | --- | --- |



**ശബരിമല പത്രക്കുറിപ്പ്-3**

മീഡിയ സെന്റർ ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam2018@gmail.com

# തങ്കപൊൻപ്രഭയിൽ സന്നിധാനം; മണ്ഡലകാലത്തിന് ഇന്നു സമാപനം

**- മണ്ഡലപൂജ ഇന്നു രാവിലെ 11.04ന്**
**- മകരവിളക്കിനായി 30ന് നടതുറക്കും**

ശബരിമല: ശരണം വിളികളാൽ മുഖരിതമായ സായംസന്ധ്യയിൽ തങ്കഅങ്കി അണിഞ്ഞ് പൊൻപ്രഭയിൽ വിരാജിച്ച അയ്യനെ ക ˘ ഭക്തർ സായൂജ്യരായി. ഇന്നലെ(ഡിസംബർ 25) വൈകിട്ട് 6.30നാണ് തങ്കഅങ്കി അണിഞ്ഞ് ദീപാരാധന നടന്നത്. ഉച്ചയ്ക്ക് 1.37ന് പമ്പയിലെത്തിയ തങ്കഅങ്കി ഘോഷയാത്രയെ ദേവസ്വം അധികൃതർ സ്വീകരിച്ചു. തുടർന്ന് പമ്പയിൽ നിന്നും തങ്കഅങ്കി പേടകങ്ങളിലാക്കി ഉച്ചയ്ക്കുശേഷം മൂന്നിന് ഘോഷയാത്രയായി സന്നിധാനത്തേക്ക് തിരിച്ചു.

തങ്കിഅങ്കി ചാർത്തിയുള്ള ദീപാരാധനയുള്ളതിനാൽ ഉച്ചയ്ക്ക് 1.30 നട അടച്ച ശേഷം വൈകിട്ട് അഞ്ചിനാണ് നടതുറന്നത്. നട തുറന്ന ശേഷം തങ്കഅങ്കി സ്വീകരിക്കാനുള്ള സംഘം സോപാനത്ത് എത്തി ദർശനം നടത്തി. തന്ത്രി കണ്ഠരര് മഹേഷ് മോഹനര് പൂജിച്ച മാലകൾ ഇവരെ അണിയിച്ചു. തങ്കയങ്കി സ്വീകരിച്ച് വരുന്ന സംഘത്തിന് ഇരുമുടിക്കെട്ടില്ലാതെ പതിനെട്ടാംപടി കയറുന്നതിനുള്ള അയ്യപ്പന്റെ അനുവാദം നൽകുന്നതിനായാണ് പ്രത്യേക മാല അണിയിച്ചത്. എക്സിക്യൂട്ടീവ് ഓഫീസർ വി.എൻ. ചന്ദ്രശേഖരൻ, അസിസ്റ്റന്റ് എക്സിക്യൂട്ടിവ് ഓഫീസർ എ. ബാബു, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ബി. ദിലീപ്കുമാർ, സോപാനം സ്പെഷൽ ഓഫീസർ ശ്രീപ്രസാദ് ആർ. നായർ, പോലീസ് ജൂനിയർ സ്പെഷൽ ഓഫീസർ ആദിത്യ, വിജിലൻസ് ഓഫീസർ പി. അജികുമാർ, പി.ആർ.ഒ. മുരളി കോട്ടയ്ക്കകം തുടങ്ങിയവരടങ്ങിയ സംഘം ശരംകുത്തിയിലെത്തി

ഘോഷയാത്രയെ സ്വീകരിച്ചു. തീവെട്ടി, മുത്തുക്കുടകൾ എന്നിവയുടെ അകമ്പടിയോടെ 6.24ന് പതിനെട്ടാംപടിവഴി തങ്കഅങ്കി പേടകം കൊടിമരച്ചുവട്ടിൽ എത്തിച്ചു.

ദേവസ്വം ബോർഡ് പ്രസിഡന്റ് എ. പത്മകുമാർ, ജില്ലാ കളക്ടർ ആർ. ഗിരിജ, ദേവസ്വം ബോർഡ് അംഗങ്ങളായ കെ. രാഘവൻ, കെ.പി. ശങ്കരദാസ്, ദേവസ്വം വകുപ്പ് സെക്രട്ടറി കെ.ആർ. ജ്യോതിലാൽ, ദേവസ്വം കമ്മീഷണർ സി.പി. രാമരാജ പ്രേമപ്രസാദ്, ദേവസ്വം ഓംബുഡ്സ്മാൻ റിട്ട. ജസ്റ്റിസ് പി.ആർ. രാമൻ ശബരിമല സ്പെഷൽ കമ്മീഷണർ എം. മനോജ്, പൊലീസ് സ്പെഷൽ ഓഫീസർ സഞ്ജയ് കുമാർ ഗുരുഡിൻ, എൻ.ഡി.ആർ.എഫ്. ഡെപ്യൂട്ടി കമാഡന്റ് ജി. വിജയൻ, അഖിലഭാരത അയ്യപ്പസേവാസംഘം ട്രഷറർ വേലായുധൻനായർ, ഡ്യൂട്ടി മജിസ്ട്രേറ്റ് എസ്. സന്തോഷ് കുമാർ എന്നിവർ ചേർന്ന് സ്വീകരിച്ചു. ചീഫ് എൻജിനീയർ വി. ശങ്കരൻപോറ്റി, ഭണ്ഡാരം ചീഫ് ഓഫീസർ വി. ഹരീന്ദ്രനാഥ്, ഫെസ്റ്റിവൽ കൺട്രോളർ കെ.എസ്. വിനോദ്, പമ്പാ എക്സിക്യൂട്ടീവ് എൻജിനീയർ ആർ. അജിത്കുമാർ എന്നിവർ സന്നിഹിതരായി.

ക്ഷേത്രത്തിനുള്ളിൽ എത്തിച്ച പേടകം തന്ത്രി കണ്ഠരര് മഹേഷ് മോഹനരും മേൽശാന്തി എ.വി. ഉണ്ണിക്കൃഷ്ണൻ നമ്പൂതിരിയും ചേർന്ന് ശ്രീകോവിലിനുള്ളിലേക്ക് ഏറ്റുവാങ്ങി. തുടർന്ന് നടയടച്ച് തങ്കഅങ്കി അയ്യപ്പ വിഗ്രഹത്തിൽ അണിയിച്ച് 6.39ന് ദീപാരാധനയ്ക്കായി നട തുറന്നു. അത്താഴപൂജയ്ക്കു ശേഷം തങ്കഅങ്കി വിഗ്രഹത്തിൽ നിന്നും പേടകത്തിലേക്ക് മാറ്റി. ഇന്ന്(ഡിസംബർ 26) മണ്ഡലപൂജ സമയത്ത് തങ്കഅങ്കി അയ്യപ്പ വിഗ്രഹത്തിൽ വീ ും ചാർത്തും. രാവിലെ 11.04നും 11.40നും മധ്യേയാണ് മണ്ഡലപൂജ. മണ്ഡലപൂജയ്ക്കായി സന്നിധാനം പുഷ്പാലംകൃതമാക്കി. മണ്ഡല പൂജയ്ക്കു ശേഷം വിഗ്രഹത്തിൽ നിന്നും പേടകത്തിലേക്ക് മാറ്റും. ഇന്ന് രാത്രി 11ന് ഹരിവരാസനം പാടി നട അടയ്ക്കുതോടെ 41 ദിവസത്തെ മണ്ഡല ഉത്സവത്തിന് സമാപനമാകും. മകരവിളക്ക് ഉത്സവത്തിനായി ഡിസംബർ 30ന് വൈകിട്ട് അഞ്ചിന് നടതുറക്കും.

(പി.ആർ. ശബരി 323)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.